I ഇ.ബി. XV - കേരള നിയമസഭ/IX-4

പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 ആഗസ്റ്റ് 10, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I അടിയന്തരപ്രമേയം**

താനൂർ കസ്റ്റഡി മരണം

മി. സ്പീക്കർ: താനൂരിൽ പോലീസ് കസ്റ്റഡിയിലെടുത്ത താമിർ ജിഫ്രി എന്ന യുവാവ് മരിച്ചതിനെത്തുടർന്ന് ജനങ്ങളിൽ ആശങ്കയും പ്രതിഷേധവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, കെ. ബാബു (തൃപ്പൂണിത്തുറ), മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം

നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 01-08-2023-ന് മയക്കുമരുന്ന് കേസുമായി ബന്ധപ്പെട്ട് 5 പേരെ താനൂർ പോലീസ് കസ്റ്റഡിയിലെടുക്കുകയും ഇവരിൽനിന്നും എം.ഡി.എം.എ. പിടിച്ചെടുക്കുകയും ചെയ്തതിനെത്തുടർന്ന് അറസ്റ്റ് രേഖപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസ് ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതുമാണ്. താമിർ ജിഫ്രി കസ്റ്റഡിയിൽ മരണപ്പെട്ട സംഭവത്തിലും കേസ് രജിസ്റ്റർ ചെയ്ത് ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരികയാണ്. പ്രസ്തുത കേസിൽ താനൂർ സബ് ഇൻസ്പെക്ടർ ഉൾപ്പെടെ 8 പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുള്ളതും അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. ഇതിനുപുറമെ മജിസ്റ്റീരിയൽ അന്വേഷണത്തിനും തീരുമാനമെടുത്തിട്ടുണ്ട്. പ്രതിയെ കസ്റ്റഡിയിലെടുത്ത സമയവും അതിനിടയായ സാഹചര്യവും പോലീസ് നടപടികളും സി.ബി.ഐ. അന്വേഷണത്തിന്റെ പരിധിയിൽ വരുന്നവയാണ്. പോലീസ് കസ്റ്റഡിയിലും ലോക്കപ്പിലും ആളുകൾ മരണമടയുന്ന കേസുകളുടെ അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്ന സമീപനമാണ് ഈ കേസിന്റെ കാര്യത്തിലും സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കുറ്റവാളികൾക്ക്

അർഹമായ ശിക്ഷ ലഭിച്ചുവെന്ന് ഉറപ്പാക്കുന്നതാണ്. പോലീസ് സ്റ്റേഷനിലോ ലോക്കപ്പിലോ ബലപ്രയോഗവും മർദ്ദനമുറകളും നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: താനൂരിൽ പോലീസ് കസ്റ്റഡിയിലെടുത്ത താമിർ ജിഫ്രിയുടെ മരണത്തിൽ ദുരൂഹതകൾ ഏറെയാണ്. താമിർ ജിഫ്രിയെ കസ്റ്റഡിയിലെടുത്ത സ്ഥലവും തീയതിയും യാഥാർത്ഥ്യമല്ലെന്നതിന് തെളിവുണ്ട്. താമിർ ജിഫ്രി പുലർച്ചെ 4.25-ന് മരണപ്പെട്ടുവെങ്കിലും പോലീസ് എഫ്.എെ.ആർ. രജിസ്റ്റർ ചെയ്യുന്നത് രാവിലെ 7.03-ന് മരിച്ചയാളെ ഒന്നാം പ്രതിയാക്കിയാണ്. താമിറിന്റെ മരണത്തിൽ എഫ്.എെ.ആർ. രജിസ്റ്റർ ചെയ്തിരിക്കുന്നതിലും ദുരൂഹതയുണ്ട്. പോലീസ് മർദ്ദനത്തിന് തെളിവായി 21 മുറിവുകൾ ഏറ്റിട്ടുണ്ടെന്നും മൂർച്ചയില്ലാത്ത ആയുധംകൊണ്ട് മർദ്ദനമേറ്റുവെന്നും സിലിണ്ടർപോലുള്ള ഉപകരണം കൊണ്ട് ക്രൂരമായി അടിച്ചതിനാലാണ് ക്ഷതം സംഭവിച്ചതെന്നുമാണ് പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ പറയുന്നത്. മൃതശരീരം ഫ്രീസറിൽ സൂക്ഷിക്കാനുള്ള മര്യാദപോലും പോലീസുകാർ കാണിച്ചില്ല. മലപ്പുറം എസ്.പി.-ക്കെതിരെ അതിശക്തമായ ആക്ഷേപമുള്ള സാഹചര്യത്തിൽ അദ്ദേഹത്തെ സസ്പെന്റ് ചെയ്ത് അന്വേഷണ

നടപടികളിൽനിന്ന് മാറ്റിനിർത്തണം. കസ്റ്റഡി പീഡനം നടന്നുവെന്ന് ഇന്റലിജൻസ് റിപ്പോർട്ടുണ്ടായിട്ടും പോലീസിനെതിരെ കേസ്സെടുത്തിട്ടില്ല. കസ്റ്റഡിമരണത്തിന് കാരണക്കാരായ എസ്.പി. അടക്കമുള്ളവരെ വകുപ്പുതലനടപടികൾക്ക് വിധേയമാക്കണം. ഇൗ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി(ശ്രീ. പിണറായി വിജയൻ): താനൂരിലെ കസ്റ്റഡിമരണവുമായി ബന്ധപ്പെട്ട് കുറ്റം ചെയ്ത ആരെയും സർക്കാർ സംരക്ഷിക്കില്ല. പോലീസിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്ന ചില ഒറ്റപ്പെട്ട സംഭവങ്ങളിൽ കർക്കശമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രിമിനൽ കേസിലുൾപ്പെട്ട 27 പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ലോക്കപ്പ് മർദ്ദനമോ കസ്റ്റഡി മരണമോ സംഭവിച്ചാൽ അത്തരം കേസുകൾ സി.ബി.ഐ. ആണ് അന്വേഷിക്കുന്നത്. പ്രതികളായ പോലീസ് ഉദ്യോഗസ്ഥരെ ആരെങ്കിലും സംരക്ഷിക്കുന്നുണ്ടെങ്കിൽ അതിനെ മറികടക്കുന്ന അന്വേഷണപാടവമാണ് സി.ബി.എെ. കാഴ്ചവയ്ക്കേണ്ടത്. പ്രതികളെ സംരക്ഷിക്കുന്നതിനുള്ള നീക്കം അന്വേഷണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഇതുവരെ ഉണ്ടായിട്ടില്ല.

കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ പ്രാദേശിക/ജില്ലാതലത്തിലുണ്ടാകണം. മരണപ്പെട്ട വ്യക്തിയുടെ ശരീരത്തിലുണ്ടായ പരിക്കിന്റെ കാര്യങ്ങൾ അന്വേഷണത്തിന്റെ ഭാഗമായി തെളിയിക്കപ്പെടേണ്ടതാണ്. അന്വേഷണത്തെ തടസപ്പെടുത്തുന്ന രീതിയിലുള്ള യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. ജില്ലാ പോലീസ് മേധാവിയെക്കുറിച്ച് പരിശോധിക്കേണ്ട കാര്യങ്ങൾ സി.ബി.ഐ. അന്വേഷിക്കുന്നതാണ്. അന്വേഷണത്തിന് സർക്കാരിന്റെ ഭാഗത്തുനിന്നും എല്ലാ സഹകരണവും പിന്തുണയുമുണ്ടാകുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട പരാതികളും ബുദ്ധിമുട്ടുകളുമാണ് ഉന്നയിക്കാനുള്ളത്. 2008-നുമുമ്പ് തരംമാറ്റിയിട്ടുള്ള സ്ഥലങ്ങൾക്ക് നിയമത്തിൽ മുൻകാലപ്രാബല്യം നൽകാൻ തയ്യാറാകണം. BTR പ്രകാരം LLMC (Local Level Monitoring Committee) പരിശോധിച്ച് കൃത്യമായ റിപ്പോർട്ടുകൾ കൊടുത്താൽപോലും തരംമാറ്റം അനുവദിക്കുന്നില്ലെന്നും സാധാരണയാളുകൾ തട്ടിപ്പിനും അഴിമതിക്കും വിധേയരാകുന്നുവെന്നുമുള്ള പ്രശ്നങ്ങളുണ്ട്. ഇന്ന് സഭയിൽ വരുന്ന ഭേദഗതി ബില്ലിൽ LLMC-യുടെ അധികാരപരിധിയിൽ ഡെപ്യൂട്ടി കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയതിനെ സ്വാഗതം ചെയ്യുന്നു. 25 സെന്റ് വരെ ഭൂമി തരംമാറ്റത്തിന് പണമടയ്ക്കേണ്ടതില്ലെന്നതിനാൽ ലക്ഷക്കണക്കിന് അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിനായി പ്രത്യേകം ഓഫീസ് സജ്ജീകരിച്ച് തരംമാറ്റം കൃത്യമായും സമയബന്ധിതമായും നടപ്പാക്കണമെന്ന് ആവശ്യപ്പെടുകയാണ്. തരംമാറ്റം അപേക്ഷകളിലെ ഫോം 5-ഉം 6-ഉം

ഒന്നിച്ചുനൽകുന്നതിനുള്ള അവസരമൊരുക്കണമെന്നും കോഴിക്കോട് കോർപ്പറേഷന് കീഴിലുള്ള സ്ഥലങ്ങളിൽ അന്തിമ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ)ഃ നെൽവയൽ തണ്ണീർത്തട നിയമമനുസരിച്ച് LLMC (Local Level Monitoring Committee)-യുടെ ശിപാർശപ്രകാരം പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പൽ/കോർപ്പറേഷനിൽ 5 സെന്റും ഭൂമി നിലം നികത്തി ഭൂരഹിതർക്ക് വീടുവയ്ക്കാൻ വേണ്ടിയുള്ള അനുമതി നൽകേണ്ടത് ജില്ലാ കളക്ടർ ചെയർമാനായ DLMC (District Level Monitoring Committee)-യും പൊതുആവശ്യത്തിനുവേണ്ടി നിലം നികത്താനുള്ള അനുവാദം നൽകേണ്ടത് SLMC (State Level Monitoring Committee)-യുമാണ്. 2021-ലെ സർക്കാർ തീരുമാനത്തിന്റെ ഭാഗമായി 25 സെന്റ് വരെ ഭൂമി തരംമാറ്റത്തിന് ഫീസില്ലെന്ന് നിശ്ചയിക്കപ്പെട്ടപ്പോൾ ഓഫ്ലൈനായി ലഭിച്ച ലക്ഷക്കണക്കിന് അപേക്ഷകളിൽ ഭൂരിഭാഗവും തീർപ്പുകൽപ്പിച്ചിട്ടുണ്ട്. തട്ടിപ്പ് ഒഴിവാക്കാനായി ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുകയും ഭൂമി തരംമാറ്റം ഫയലുകൾ എത്രയുംവേഗത്തിൽ തീർപ്പാക്കാനായി

രണ്ടുഘട്ടങ്ങളിലായി താൽക്കാലിക ജീവനക്കാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേൽ അതിവേഗം തീർപ്പുകൽപ്പിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവർ തയ്യാറാക്കുകയും അദാലത്തുകളിലൂടെ പ്രശ്നപരിഹാരത്തിനുള്ള ശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്. നികത്തപ്പെട്ട ഭൂമിക്ക് അംഗീകാരം നൽകുന്നതിന്റെ ഭാഗമായുള്ള തരംമാറ്റം നടപടി വേഗത്തിലാക്കാൻ പരിശ്രമിക്കുന്നുണ്ട്. 2008-നുശേഷം നികത്തപ്പെട്ട ഭൂമി തിരിച്ചുപിടിക്കാനുള്ള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമാണെങ്കിലും വിവിധ കാരണങ്ങളാൽ ആയത് യഥാവിധി പ്രയോഗിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. 2008-നുശേഷം നികത്തപ്പെട്ട ഭൂമിയുടെ റെസ്റ്റോറേഷൻ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കാർഷികാഭിവൃദ്ധി ഫണ്ട് ഉപയോഗപ്പെടുത്തുന്നതാണ്.

(2) അപൂർവ്വരോഗം ബാധിച്ച കുട്ടികൾക്ക് ചികിത്സാ ധനസഹായം

ശ്രീ. പി. കെ. ബഷീർ: സ്പൈനൽ മസ്കുലാർ അട്രോഫി ഉൾപ്പെടെ അപൂർവ്വരോഗം ബാധിച്ച കുട്ടികളുടെ ചികിത്സയ്ക്കായി രക്ഷിതാക്കൾ സാമ്പത്തികമായി ബുദ്ധിമുട്ട് നേരിടുന്നുണ്ട്. നിലവിൽ 18 വയസ്സ് കഴിഞ്ഞ കുട്ടികൾക്ക് സന്ധിവാതവുമായി ബന്ധപ്പെട്ട് സൗജന്യ ചികിത്സ ലഭിക്കുന്നില്ല. ഹോർമോൺ വ്യതിയാനമുള്ള കുട്ടികളുടെ ചികിത്സയ്ക്കും വളരെയധികം പ്രയാസം നേരിടുന്നുണ്ട്. അപൂർവ്വരോഗം ബാധിച്ച കുട്ടികൾക്ക് ചികിത്സ സൗജന്യമാക്കാനും

മറ്റ് സംസ്ഥാനങ്ങളിൽ കേന്ദ്ര സർക്കാരുമായി സഹകരിച്ച് നടപ്പിലാക്കുന്ന Crowd Funding Platform കേരളത്തിൽ രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സ്പൈനൽ മസ്കുലാർ അട്രോഫി (എസ്.എം.എ.) 2021-ലെ ദേശീയ അപൂർവ്വരോഗങ്ങളുടെ പട്ടികയിലുൾപ്പെട്ടിട്ടുണ്ട്. ഇതുപോലുള്ള അപൂർവ്വരോഗം ബാധിച്ചവർക്ക് ചികിത്സ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് തിരുവനന്തപുരം എസ്.എ.ടി.യിൽ ക്ലിനിക് ആരംഭിച്ചത്. ഈ ചികിത്സയുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനായി ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. എസ്.എം.എ. ബാധിച്ച 18 വയസ്സിന് താഴെയുള്ള 216 രോഗികളിൽ നിന്ന് 212 പേർക്ക് ആദ്യഘട്ടത്തിൽ ക്ലിനിക്കൽ പരിശോധന നടത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം എസ്.എ.ടി. ആശുപത്രിയെ മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുത്തതിന്റെ ഭാഗമായി 50 ലക്ഷം രൂപയുടെ കേന്ദ്ര ഫണ്ട് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ജനിതക പരിശോധനയ്ക്കായി ജനറ്റിക്സ് ഡിപ്പാർട്ടുമെന്റ് ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ രോഗനിർണ്ണയത്തിനും ഗർഭാവസ്ഥയിൽ രോഗം കണ്ടെത്തുന്നതിനുമുള്ള ജനറ്റിക്സ് ടെസ്റ്റുകൾ തിരുവനന്തപുരം സി.ഡി.സി. (Child Development Centre)-ൽ ലഭ്യമാക്കിയിട്ടുണ്ട്. എസ്.എ.ടി.-യിൽ രജിസ്റ്റർ ചെയ്ത

കുട്ടികൾക്ക് ക്ലിനിക്കൽ പരിശോധനയ്ക്കുശേഷം സൗജന്യമായി മരുന്ന് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 'ആരോഗ്യ കിരണം' പദ്ധതി വഴി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നട്ടെല്ല് നിവർത്തുന്നതിനുള്ള ശസ്ത്രക്രിയ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. സെപ്റ്റംബർ മാസത്തോടുകൂടി സംസ്ഥാനത്തൊട്ടാകെ അപൂർവ്വരോഗം ബാധിച്ചവരുടെ സർവ്വെ നടപടികൾ ആരംഭിക്കുന്നതാണ്. 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കാവശ്യമായ മരുന്നുകൾ ടി പദ്ധതി പ്രകാരം നൽകുന്നുണ്ട്.

**III സബ്മിഷൻ**

(1) <u>വർക്കല - ശിവഗിരി റോഡ്</u>

<u>ശ്രീ. വി. ജോയി</u>: ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് അടച്ച വർക്കല-ശിവഗിരി റോഡ് ഗതാഗത യോഗ്യമാക്കുന്നതിനും അണ്ടർപാസ് നിർമ്മിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): വർക്കല-ശിവഗിരി റോഡ് ദേശീയപാതയുമായി ചേരുന്ന ഭാഗത്ത് ലൈറ്റ് വെഹിക്കുലാർ അണ്ടർപാസ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടെന്ന് ദേശീയപാത അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. ദേശീയപാത വികസനം തടസ്സപ്പെടാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(2) യൂട്യൂബ് ചാനലുകളുടെ നിയന്ത്രണം

ശ്രീ. പി. വി. അൻവർ: മതവിദ്വേഷവും വർഗ്ഗീയതയും പരത്തുന്നരീതിയിൽ പ്രവർത്തിക്കുന്ന യൂട്യൂബ് ചാനലുകളെ നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): യൂട്യൂബിലൂടെ പ്രചരിപ്പിക്കുന്ന വിവരങ്ങൾ നിയമവിരുദ്ധവും രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, സുരക്ഷ, വിദേശ രാജ്യങ്ങളുമായുള്ള സൗഹൃദ ബന്ധം, ക്രമസമാധാനം, കോടതി അലക്ഷ്യം, മതസ്പർദ്ധ, അപകീർത്തിപ്പെടുത്തൽ എന്നിവയുമായി ബന്ധപ്പെട്ടതുമാണെങ്കിൽ Information Technology (Intermediary Guidelines and Digital Media Ethics code) Rules, 2021 പ്രകാരം നിരോധിച്ചിട്ടുണ്ട്. ഇപ്രകാരം പ്രചരിപ്പിക്കപ്പെടുന്ന വിവരങ്ങൾ ബ്ലോക്ക് ചെയ്യുന്നതിനായി ഐ.റ്റി. വകുപ്പ് സെക്രട്ടറിയെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലും നോഡൽ ഓഫീസർക്ക് ഇത്തരത്തിൽ ശിപാർശ നൽകാവുന്നതാണ്. നിയമനിർമ്മാണത്തിന്റെ കാര്യം പ്രത്യേകം പരിശോധിക്കും.

(3) കാസർഗോഡ് താലൂക്കാശുപത്രിയിലെ ഒഴിവുകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാസർഗോഡ് താലൂക്കാശുപത്രിയിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ളവരുടെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ന്യൂറോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുകയും കാത്ത്‌ലാബ് ആരംഭിക്കുകയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ററ്റയുടെ താത്കാലിക ആശുപത്രി സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിനുകീഴിൽ സൃഷ്ടിച്ച 2177 തസ്തികകളിൽ നിയമിക്കപ്പെട്ട എല്ലാവർക്കും ജില്ലയിൽ ജോലിചെയ്യുന്നതിനുള്ള സൗകര്യമൊരുക്കുന്നതിനും ഒഴിവുള്ള തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും സ്ഥാനക്കയറ്റം വഴിയുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ കേരളം പദ്ധതി മുഖേന 457 ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരെ ജില്ലയിൽ നിയോഗിക്കുകയും വർക്കിംഗ് അറേഞ്ച്മെന്റ്, ഡെപ്യൂട്ടേഷൻ

എന്നിവ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. അഡ്ഹോക്ക് ജീവനക്കാരെ നിയമിക്കുന്നതിനുള്ള അനുവാദവും നൽകിയിട്ടുണ്ട്.

(4) <u>സചിവോത്തമപുരം സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ്</u>

<u>ശ്രീ. ജോബ് മൈക്കിൾ</u>: കോട്ടയം ജില്ലയിലെ കുറിച്ചി പഞ്ചായത്തിലെ സചിവോത്തമപുരം സി.എച്ച്.സി.-യിൽ ഐ.പി. വാർഡിന്റെ പ്രവർത്തനം പുനരാരംഭിക്കാനും ഐസൊലേഷൻ വാർഡ് നിർമ്മാണം കിഫ്ബി ധനസഹായത്തോടെ അടിയന്തരമായി പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സചിവോത്തമപുരം സി.എച്ച്.സി.-യിൽ കിടത്തി ചികിത്സ ആവശ്യമുള്ള രോഗികളെ ചങ്ങനാശ്ശേരി ജനറൽ ആശുപത്രി, കോട്ടയം ജില്ലാ ആശുപത്രി എന്നിവിടങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നുണ്ട്. സി.എച്ച്.സി.-യുടെ പുതിയ കെട്ടിട നിർമ്മാണത്തിന് 2.42 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായതിനാൽ നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. ഐസൊലേഷൻ വാർഡ് നിർമ്മാണം രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ കഴിയും.

(5) നെല്ല് സംഭരണ വിലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് ജില്ലയിലെ കർഷകർക്ക് ലഭ്യമാക്കാനുള്ള നെല്ല് സംഭരണവില ബഡ്ജറ്റിൽ ഉൾപ്പെടുത്തി സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): 2022-23 വർഷത്തെ നെല്ലിന്റെ സംഭരണവില പൂർണ്ണമായും കൊടുത്തുതീർക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു. 31.07.2023 വരെ സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വിലയിൽ 1637.83 കോടി രൂപ നൽകിയിട്ടുണ്ട്. നിലവിൽ നെല്ലിന്റെ വിലയായി കർഷകർക്ക് നൽകാനുള്ള 433 കോടി രൂപയിൽ 180 കോടി രൂപ അനുവദിച്ച് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. ഭാവിയിൽ നെല്ല് സംഭരണം കാര്യക്ഷമമമ്മാക്കുന്ന ന്നതിനായി കേരളാ ബാങ്കിന്റെ സഹകരണത്തോടെ ക്രമീകരണമേർപ്പെടുത്താനുള്ള കൂടിയാലോചനകൾ പുരോഗമിച്ചുവരുന്നു.

(6) ജലവിഭവ വകുപ്പിന്റെ വിവിധ പുനരുദ്ധാരണ പ്രോജക്ടുകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട് , പേരൂർക്കട-പുതുകുന്ന്-മൺവിള കുടിവെള്ള ലൈൻ, കണ്ണമ്മൂല-ആക്കുളം-ആമയിഴഞ്ചാൻ തോട് എന്നീ പുനരുദ്ധാരണ പ്രോജക്ടുകൾ

പൂർത്തിയാക്കാൻ സത്വര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): അമൃത് പദ്ധതിയിലുൾപ്പെടുത്തി കഴക്കൂട്ടം - മുട്ടത്തറ സ്വീവറേജ് പ്രോജക്ടിൽ സ്വീവറേജ് പമ്പ് ഹൗസുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ലൈനുകൾ സ്ഥാപിക്കൽ പ്രവൃത്തികൾ നാല് ബ്ലോക്കുകളായി തിരിച്ച് പല ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പൊതുജനങ്ങളുടെ എതിർപ്പും കോടതി വ്യവഹാരങ്ങളും ആവശ്യമായ സ്ഥലം യഥാസമയം ലഭ്യമാകാത്തതും പദ്ധതിയുടെ പൂർത്തീകരണത്തെ ബാധിച്ചിട്ടുണ്ട്. ഡിസംബറിൽ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും. തിരുവനന്തപുരം ശുദ്ധജല വിതരണം ശാക്തീകരിക്കാൻ ലക്ഷ്യമിട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പേരൂർക്കട-പുതുകുന്ന്-മൺവിള കുടിവെള്ള ലൈൻ സ്ഥാപിക്കൽ പ്രവൃത്തിയുടെ 37 ശതമാനം പൂർത്തീകരിച്ചെങ്കിലും റേറ്റ് റിവിഷൻ, കരാർ റദ്ദാക്കൽ തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വ്യവഹാരം ഫയൽ ചെയ്തതിനാൽ പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. കണ്ണമ്മൂല – ആക്കുളം- ആമയിഴഞ്ചാൻ തോട് പുനരുദ്ധാരണ പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി കണ്ണമ്മൂല മുതൽ ഇടത്തറവരെ തോടിന്റെ ഇടത്തേ ബണ്ടിലൂടെ സ്വീവറേജ് ലൈൻ

സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ ഭാഗം സ്വകാര്യ വ്യക്തികൾ കയ്യേറിയതിനാൽ അത് പൂർണ്ണമായും ഒഴിവാക്കാൻ റവന്യൂ വകുപ്പും വാട്ടർ അതോറിറ്റിയും ശ്രമം നടത്തുന്നുണ്ട്. കയ്യേറ്റം ഒഴിപ്പിച്ചാൽമാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(7) ജൽജീവൻ മിഷൻ പദ്ധതിക്കായി കിൻഫ്രയുടെ സ്ഥലം ലഭ്യമാക്കൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിൽ പൂർണ്ണമായും കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും ജൽജീവൻ മിഷൻ പദ്ധതിക്കായി കുറ്റിപ്പുറത്ത് കിൻഫ്രയുടെ കൈവശമുള്ള സ്ഥലം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി കുറ്റിപ്പുറം, തിരുനാവായ ആതവനാട്, മാറാക്കര എന്നീ പഞ്ചായത്തുകളും കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയും ഉൾപ്പെടുന്ന സമഗ്ര കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽനിന്നും 14300 കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി കുറ്റിപ്പുറം കിൻഫ്ര പാർക്കിന്റെ കൈവശമുള്ള ഭൂമി ആവശ്യമാണ്. ജൽജീവൻ പദ്ധതിക്ക് ഭൂമി

വാങ്ങുന്നതിന് തുക വകയിരുത്തിയിട്ടില്ലാത്തതിനാലും പ്രസ്തുത പദ്ധതി പഞ്ചായത്തിനുകീഴിൽ വരുന്നതിനാലും ഇതിന്മേൽ തീരുമാനമെടുക്കേണ്ടതുണ്ട്. ജൽജീവൻ പദ്ധതിക്കുവേണ്ടി 40 സെന്റ് ഭൂമി ഉപയോഗത്തിന് പഞ്ചായത്ത് എൻ.ഒ.സി. നൽകുന്നതിനും കിൻഫ്ര പാർക്കിലെ ഇന്റേണൽ റോഡുകളുടെ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിനും വ്യവസായ വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. നിലവിൽ ഈ വിഷയം വ്യവസായ വകുപ്പിന്റെ പരിഗണനയിലാണ്.

(8) തങ്കളം - കാക്കനാട് നാലുവരിപ്പാത

ശ്രീ. ആന്റണി ജോൺ: തങ്കളം-കാക്കനാട് നാലുവരിപ്പാത കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിലവിലെ അലൈൻമെന്റിൽ മാറ്റം വരുത്താതെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഇടുക്കി-എറണാകുളം ജില്ലകളെ കുറഞ്ഞ ദൂരത്തിൽ ബന്ധിപ്പിക്കാനായി പൊതുമരാമത്ത് നിരത്ത് വിഭാഗം പ്രവൃത്തി നിർവ്വഹിച്ച പ്രസ്തുത പാതയ്ക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 30 കോടി രൂപയുടെ ഭരണാനുമതി

നൽകിയെങ്കിലും ഡി.പി.ആർ. സമർപ്പിച്ചതിലെ കാലതാമസം മൂലം പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗം നേരത്തെ അംഗീകരിച്ചിരുന്ന അലൈൻമെന്റിന്റെ പ്രായോഗികത പരിശോധിക്കുന്നതിനായി കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ സംഘം പദ്ധതി പ്രദേശം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. സമർപ്പിക്കുന്നമുറയ്ക്ക് ആയത് അവലോകനം നടത്തി ഐ.ആർ.സി. മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(9) <u>അയണിവേലിക്കുളങ്ങരയിൽ ഐ.ആർ.ഇ.-യുടെ ഖനനം നിർത്തിവയ്ക്കൽ</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: അയണിവേലിക്കുളങ്ങരയിൽ ഐ.ആർ.ഇ. പുതുതായി ആരംഭിച്ച കരിമണൽ ഖനനം അടിയന്തരമായി നിർത്തിവയ്ക്കാനും ജനകീയ സമരസമിതി നടത്തിവരുന്ന സമരം ചർച്ച ചെയ്ത് പരിഹരിക്കാനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): ഭൂവുടമകളും ഐ.ആർ.ഇ.-യും പരസ്പര സമ്മതത്തോടെ മൂന്ന് വർഷത്തെ പാട്ടത്തിനെടുത്തിട്ടുള്ള പ്രസ്തുത സ്ഥലം ഖനനം കഴിഞ്ഞാൽ

ധാതുസമ്പത്തെടുത്ത് റീഫില്ലിംഗ് നടത്തി തിരിച്ച് കൊടുക്കാവുന്നതാണ്. സർക്കാർ ഖനനാനുമതി നൽകിയ പ്രദേശത്തുമാത്രമെ നിയമപ്രകാരം ഖനനം നടത്താൻ കഴിയുകയുള്ളൂ. അനധികൃത ഖനനം സംബന്ധിച്ച കാര്യങ്ങളിന്മേൽ നിയമപ്രകാരം പരിശോധിച്ച് ഉറപ്പുവരുത്താവുന്നതാണ്. ഭൂവുടമകളുടെയും നാട്ടുകാരുടെയും പൂർണ്ണമായ സഹകരണം ഉറപ്പുവരുത്താൻ വീണ്ടും ഒരു യോഗം വിളിച്ചുചേർക്കാവുന്നതാണ്.

(10) താേപ്പിൽ കടവ് പാലം പുനർനിർമ്മാണം

ശ്രീ. വാഴൂർ സാേമൻ: ഇടുക്കി-കാേട്ടയം ജില്ലകളെ ബന്ധിപ്പിക്കുന്നതും ആദിവാസിമേഖലയിലേയ്ക്കുള്ള ഏകയാത്രാ മാർഗ്ഗവുമായ മൂഴിക്കൽ പ്രദേശത്തെ തോപ്പിൽ കടവ് പാലം പുനർനിർമ്മിക്കാനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ പാലങ്ങളുടെ പട്ടികയിൽ മൂഴിക്കൽ താേപ്പിൽ കടവ് പാലവും ഉൾപ്പെട്ടിരുന്നു. ടി പാലത്തിന്റെ പുനർനിർമ്മാണം സംബന്ധിച്ച് ആവശ്യമായ പരിശാേധന നടത്തി ബന്ധപ്പെട്ട സമിതികളുടെ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടി

സ്വീകരിച്ചുവരികയാണ്.

(11) ഹരിത കർമ്മസേനയുടെ സേവന വേതന പരിഷ്കരണം

ശ്രീ. ജി. സ്റ്റീഫൻ: കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കുന്നതിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹരിത കർമ്മസേനാംഗങ്ങളുടെ വിലപ്പെട്ട പ്രവർത്തനം കണക്കിലെടുത്ത് അവരുടെ മാസവരുമാനം കൃത്യമായി നിശ്ചയിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): മാലിന്യശേഖരണ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റിന്റെ സൂക്ഷ്മ സംരംഭമാണ് ഹരിത കർമ്മസേന. മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന മുന്നേറ്റത്തിനും പുരോഗതിക്കുമനുസരിച്ച് ഹരിത കർമ്മസേനാംഗങ്ങളുടെ വരുമാനത്തിലും വർദ്ധനവുണ്ടാകും. യൂസർഫീ ഇനത്തിൽ ലഭിക്കുന്ന വരുമാനം കുറവായ സ്ഥലങ്ങളിൽ സർക്കാർ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഹരിത കർമ്മസേന കൺസോർഷ്യങ്ങൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകിവരുന്നുണ്ട്. ഓരോ ഹരിത കർമ്മസേനാ യൂണിറ്റും വിജയകരമായി നിലനിർത്തുന്നതിനുള്ള നടപടികളിൽ പുരോഗതി

കൈവരിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഹരിത കർമ്മസേനാംഗങ്ങൾക്ക് നിശ്ചിതമായ ഓണറേറിയം നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(12) ഭിന്നശേഷിക്കാരുടെ പെൻഷനും പുനരധിവാസവും

ശ്രീ. പി. പി. ചിത്തരഞ്ജൻ: ഭിന്നശേഷിക്കാരുടെ പെൻഷൻ പരിഷ്ക്കരിക്കുന്നതിനും സ്കോളർഷിപ്പ് ഏകീകരിക്കുന്നതിനും ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്ക് നൽകിവരുന്ന ആശ്വാസകിരണം പദ്ധതി മുഖേനയുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനും റേഷൻ കാർഡിന്റെ മുൻഗണനാ മാനദണ്ഡങ്ങളിൽനിന്നും മാനസികവെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളെ ഒഴിവാക്കുന്നതിനും ഭിന്നശേഷിക്കാരുടെ 'നിരാമയ ഇൻഷ്വറൻസ്' പദ്ധതി പുതുക്കി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): തീവ്ര ഭിന്നശേഷിക്കാർക്കും സമഗ്ര പുനരധിവാസം ആവശ്യമുള്ളവർക്കും സാമൂഹ്യനീതി വകുപ്പിനുകീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഒരു ശില്പശാല

നടത്തി കരട് രേഖ തയ്യാറാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലും ഓരോ പുനരധിവാസ കേന്ദ്രമെങ്കിലും സ്ഥാപിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഭിന്നശേഷിക്കാർക്കുള്ള എല്ലാ സാമൂഹ്യക്ഷേമ പെൻഷനും യഥാസമയം വിതരണം ചെയ്യുന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് ഭിന്നശേഷി പെൻഷനുള്ള വരുമാനപരിധിയിൽ മാറ്റം വരുത്തുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. നിലവിൽ ഭിന്നശേഷി വിഭാഗക്കാർക്ക് നൽകിവരുന്ന സാമൂഹ്യക്ഷേമ പെൻഷനുപുറമെ 600 രൂപ നിരക്കിൽ മറ്റൊരു സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൂടി നടപ്പിലാക്കിവരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും മറ്റ് സാമ്പത്തിക സഹായങ്ങളും നൽകിവരുന്നുണ്ട്.

(13) <u>കൽപ്പറ്റയിലെ 5 കേരള എൻ.സി.സി. ബറ്റാലിയന്റെ പ്രവർത്തനം</u>

<u>ശ്രീ. ടി. സിദ്ദിഖ്</u>: വയനാട് ജില്ലയിലെ 5 കേരള എൻ.സി.സി. ബറ്റാലിയനിൽ പുതിയ വിദ്യാർത്ഥികൾ എൻറോൾ ചെയ്യരുതെന്ന ഡയറക്ടറേറ്റിൽനിന്നുള്ള നിർദ്ദേശം പിൻവലിക്കുന്നതിനും അവിടേയ്ക്ക് ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

ഉന്നത നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനവും ദേശീയനിലവാരത്തിലുള്ള വിപുലമായ പരിശീലന കേന്ദ്രങ്ങളും സംസ്ഥാന സർക്കാർ എൻ.സി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്. എൻ.സി.സി. കേഡറ്റുകളുടെ റിഫ്രഷ്മെന്റ് അലവൻസ് വർദ്ധിപ്പിക്കുകയും ഗ്രേസ് മാർക്ക് അനുവദിക്കുകയും ആർ.ഡി. പരേഡിൽ പങ്കെടുക്കുന്ന കേഡറ്റുകൾക്ക് രാജധാനി എക്സ്പ്രസിൽ യാത്ര ചെയ്യാനുള്ള അനുമതിയും നൽകിയിട്ടുണ്ട്. വയനാട് ജില്ലയിൽ 2020 ജനുവരിയിൽ ആരംഭിച്ച 5 കേരള ബറ്റാലിയനിൽ 3473 കേഡറ്റുകൾ പരിശീലനം നടത്തിവരുന്നു. ടി ബറ്റാലിയന് ആവശ്യമായ ഓഫീസും ട്രെയിനിംഗ് സെന്ററും സ്ഥാപിക്കുന്നതിന് സ്ഥലവും കെട്ടിട നിർമ്മാണത്തിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് പുനർവിന്യാസത്തിലൂടെ ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. 2023-2024-ൽ പുതിയ കുട്ടികളെ എൻ.സി.സി. ട്രെയിനിംഗിന് എൻറോൾ ചെയ്യിക്കരുതെന്ന് അഡീഷണൽ ഡയറക്ടർ ജനറൽ നിർദ്ദേശം

നൽകിയതായി ശ്രദ്ധയിൽപ്പെട്ടതിനാൽ 5 കേരള ബറ്റാലിയൻ നിലനിർത്തുന്നതിനാവശ്യമായ തസ്തിക നികത്തുന്നതിന് മറ്റ് ഓഫീസുകളിൽനിന്നും ഉദ്യോഗസ്ഥരെ കണ്ടെത്തി താല്ക്കാലികമായി ഷിഫ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## (14) എെ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രവർത്തനം

ശ്രീ. പി. ഉബൈദുള്ള: മലപ്പുറം എെ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസ് നിലനിർത്തുന്നതിനുവേണ്ടി സർക്കാർ സ്ഥലം വിട്ടുനൽകാനും കോളേജിന്റെ പ്രവർത്തനം ത്വരിതപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മലപ്പുറം എെ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസും ബി.എസ്‌സി. ഇലക്ട്രോണിക്സും അനുവദിച്ചുനൽകിയിട്ടുണ്ടെങ്കിലും സ്ഥല പരിമിതിമൂലം പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം വളരെ പരിമിതമാണ്. മുൻ വർഷങ്ങളിൽ പ്രവേശനം നടക്കാത്ത സാഹചര്യത്തിൽ എെ.എച്ച്.ആർ.ഡി. ഡയറക്ടറുടെ

പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജിൽ 2023-24 അധ്യയനവർഷം പ്രവേശനം നിർത്തിവയ്ക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. ഈ കോളേജിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് ബഹു. എം.എൽ.എ. മുൻകൈയെടുക്കേണ്ടതാണ്.

(15) പൊതുവിദ്യാലയങ്ങളിലെ അധ്യാപക തസ്തിക നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടി

ശ്രീ. എം. വിജിൻ: പൊതു വിദ്യാലയങ്ങളിലെ അധ്യാപക തസ്തിക നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്റ്റാഫ് ഫിക്സേഷൻ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(16) വെള്ളൂർ ബാങ്ക് പരിസരത്ത് അടിപ്പാത നിർമ്മാണം

ശ്രീ. ടി. ഐ. മധുസൂദനൻ: ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് പയ്യന്നൂർ വെള്ളൂർ ബാങ്ക് പരിസരത്ത് അടിപ്പാത നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് പയ്യന്നൂർ വെള്ളൂർ ബാങ്ക് പരിസരത്ത് അടിപ്പാത നിർമ്മിക്കുന്നതിനുള്ള പ്രായോഗിക

ബുദ്ധിമുട്ട് ദേശീയപാതാ അതോറിറ്റി അറിയിച്ചതിനെത്തുടർന്ന് ബദൽ സാധ്യതകൾകൂടി പരിശോധിക്കാൻ ദേശീയപാതാ അതോറിറ്റി റീജിയണൽ ഓഫീസറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്ഥലം പുനഃപരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(17) താളൂർ-ചേരമ്പാടി റോഡ് ഗതാഗതയോഗ്യമാക്കൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താളൂർ-ചേരമ്പാടി റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സുൽത്താൻബത്തേരി - ചേരമ്പാടി റോഡ് പ്രവൃത്തിയിൽ അലംഭാവം കാണിച്ചതിനെത്തുടർന്ന് കരാറുകാരനെ നഷ്ടോത്തരവാദത്തിൽ ഒഴിവാക്കുകയും റോഡ് സഞ്ചാര യോഗ്യമാക്കുന്നതിന് 40 ലക്ഷം രൂപയുടെ അടിയന്തരഫണ്ട് അനുവദിച്ച് പ്രവൃത്തി പുരോഗമിച്ചുവരികയുമാണ്. നേരത്തെ അനുവദിച്ച സാമ്പത്തികാനുമതിയേക്കാൾ 20.2% അധികരിച്ച തുകയ്ക്കാണ് ഇപ്പോൾ അനുമതി നൽകിയിരിക്കുന്നത്. കിഫ്ബിയിൽ നിന്നും അനുമതി ലഭിച്ചാലുടൻ സമയബന്ധിതമായി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്. പ്രവൃത്തി കൃത്യമായി പരിശോധിക്കാൻ കെ.ആർ.എഫ്.ബി.

പി.എം.യു. ഡിവിഷൻ പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (18) പിറവം-പെരുവാമൂഴി, പിറവം-ആരക്കുന്ന് റോഡുകളുടെ പുനർനിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: പിറവം-പെരുവാമൂഴി, പിറവം-ആരക്കുന്ന് റോഡുകളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ.-ൽ ആവശ്യമായ ഭേദഗതികൾ വരുത്താനും സൗജന്യമായി വിട്ടുനൽകുന്ന ഭൂമി ഏറ്റെടുത്ത് റോഡ് നവീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കുമരകം നെടുമ്പാശ്ശേരി റോഡിൽ പെരുവാമൂഴി റോഡിന്റെ 26 ശതമാനം പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. വെള്ളം കയറാനും അപകടസാധ്യതയുള്ളതുമായ സ്ഥലങ്ങളിൽ ചില പ്രവൃത്തികൾകൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾക്കായുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരികയാണ്. റോഡ് ഉയരുന്ന ഭാഗത്തെ സംരക്ഷണ ഭിത്തിക്ക് താൽക്കാലികാനുമതി നൽകി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ആരക്കുന്ന്-ആമ്പല്ലൂർ-പൂത്തോട്ട-പിറവം റോഡുകളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് 21.4 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായുള്ള റോഡ് പ്രവൃത്തികൾ

പ്രത്യേകമായി പരിശോധിക്കുന്നതാണ്. പ്രവൃത്തികൾ നിശ്ചിത ഇടവേളകളിൽ അവലോകനം നടത്തുന്നതിന് കെ.എസ്.ടി.പി. പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(19) ആറന്മുള ഉതൃട്ടാതി ജലോത്സവത്തിന് പള്ളിയോടങ്ങൾക്കുള്ള ഗ്രാന്റ്

ശ്രീ. പ്രമോദ് നാരായൺ: ആറന്മുള ഉതൃട്ടാതി ജലോത്സവത്തിനുപയോഗിക്കുന്ന പള്ളിയോടങ്ങളുടെ സംരക്ഷണത്തിന് ഗ്രാന്റ് അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ചരിത്രപ്രസിദ്ധമായ ആറന്മുള ഉതൃട്ടാതി വള്ളംകളിയുടെ നടത്തിപ്പിനായി വിനോദസഞ്ചാര വകുപ്പ് നിലവിൽ ധനസഹായം നൽകുന്നുണ്ട്. പള്ളിയോടങ്ങളുടെ സംരക്ഷണത്തിനാവശ്യമായ ഗ്രാന്റ് അനുവദിക്കുന്നതിന് പൈതൃക ടൂറിസത്തിന്റെ സാധ്യതകളെ എങ്ങനെ ഉപയോഗപ്പെടുത്താമെന്ന കാര്യം പരിശോധിക്കുന്നതാണ്.

(20) റേഷൻ വിതരണത്തിലെ പ്രശ്നങ്ങൾ

ശ്രീ. മോൻസ് ജോസഫ്: സംസ്ഥാനത്ത് റേഷൻ വിതരണം മുടങ്ങുന്ന സാഹചര്യത്തിൽ ദേശീയ ഭക്ഷ്യ നിയമമനുസരിച്ച് കാർഡുടമകൾക്ക് അലവൻസ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥ പാലിക്കാനും തുടർച്ചയായി

സംഭവിക്കുന്ന സെർവർ/ഇ-പോസ് മെഷീൻ തകരാറുകൾ പരിഹരിച്ച് റേഷൻ വിതരണം കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): മുൻഗണനാ കാർഡ് ഉടമകൾക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യം ലഭ്യമാക്കാൻ കഴിഞ്ഞില്ലെങ്കിൽ കാർഡ് ഉടമയ്ക്ക് ഫുഡ് സെക്യൂരിറ്റി അലവൻസ് നൽകണമെന്ന് ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും സംസ്ഥാനത്ത് റേഷൻ മുടങ്ങുന്നതോ നിഷേധിക്കുന്നതോ ആയ സാഹചര്യം നാളിതുവരെ ഉണ്ടായിട്ടില്ല. ഇ-പോസ് മെഷീന്റെ സാങ്കേതിക സംവിധാനത്തിൽ സാന്ദർഭികമായി പിഴവുകൾ സംഭവിക്കുമ്പോൾ അനുബന്ധ ഏജൻസികളുമായി ബന്ധപ്പെട്ട് വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ അത് പരിഹരിച്ച് റേഷൻ വിതരണം സുഗമമായി നടത്തുന്നുണ്ട്.

## IV സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം

2023 ആഗസ്റ്റ് 10-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

**V റിപ്പോർട്ടുകളുടെ സമർപ്പണം**

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട്

(2) 2023-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(3) 2022-ലെ ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(4) 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ

പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

(5) 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(6) 2023-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ, 2023-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ

(7) സബ്ജക്ട് കമ്മിറ്റി XII-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് & 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(8) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിരണ്ട് മുതൽ നാൽപത് വരെയുള്ള റിപ്പോർട്ടുകൾ

(9) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയാറ് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

(10) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനെട്ട് മുതൽ ഇരുപത്തി രണ്ട് വരെയുള്ള റിപ്പോർട്ടുകൾ

(11) പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

**VI ധനകാര്യം**

2023-2024 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**VII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): നെൽവയൽ-തണ്ണീർത്തട നിയമത്തിൽ തരംമാറ്റാനുള്ള അധികാരം റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കാണ്. അതിൽ അവരുടെ അധികാരങ്ങളും ചുമതലകളും പ്രതിപാദിച്ചിട്ടുണ്ടായിരുന്നെങ്കിലും റവന്യൂ ഡിവിഷണൽ ഓഫീസർ എന്നതിന് നിർവ്വചനം നൽകിയിട്ടുണ്ടായിരുന്നില്ല. ഓഫ്‌ലൈനായി ലഭിച്ച അപേക്ഷകൾ ഏകദേശവും തീർപ്പാക്കിയിട്ടുണ്ട്. ഓൺലൈൻ അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്. ആർ.ഡി.ഒ.-മാർക്ക് മാത്രമായി അധികാരം നൽകുമ്പോൾ ഏതാണ്ട് 27 പേരാണ് ഇത്രയേറെ വരുന്ന ഫയലുകൾ കൈകാര്യം ചെയ്യേണ്ടിവരുന്നത്. ഈ സാഹചര്യത്തിൽ പ്രത്യേകമായി സർക്കാർ ചുമതലപ്പെടുത്തുന്നപക്ഷം ആർ.ഡി.ഒ. എന്ന പദവിയിൽ ഡെപ്യൂട്ടി കളക്ടറിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരെ

നിയമിക്കാനും അവർക്ക് താലൂക്കുതല ചുമതലകൾ നൽകി ശാക്തീകരിക്കുന്നതിലൂടെ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ പൂർണ്ണമായും തീരുമാനമെടുക്കാനും കഴിയുന്ന വിധത്തിലുള്ള ഒരു ഭേദഗതിയാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. കെ. ബഷീർ: 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-11-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭൂമി തരംമാറ്റി ലഭിക്കുന്നതിന് നിലവിലുള്ള കാലതാമസമൊഴിവാക്കുന്നതിന് വേണ്ടിയുള്ള ഭേദഗതിയാണ് ബില്ലിൽ കൊണ്ടുവന്നിട്ടുള്ളത്. ഭൂമിയുടെ തരംമാറ്റത്തിലൂടെ സമാഹരിക്കുന്ന തുക മാനദണ്ഡപ്രകാരം വിനിയോഗിക്കാൻ റവന്യൂ വകുപ്പിന് സാധിക്കുന്നില്ല. ധനവകുപ്പിൽനിന്നും യഥാസമയം വകുപ്പുകൾക്ക് തുക ലഭ്യമാക്കുന്നതിനും ആക്ടിൽ മാറ്റംവരുത്തി കടവുകളിൽ നിന്നുമുള്ള മണൽവാരൽ പുന:സ്ഥാപിക്കുന്നതിനും റിവർ മാനേജ്മെന്റ് ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം. അനധികൃതമായി നികത്തുന്ന നെൽവയൽ/തണ്ണീർത്തടം പൂർവ്വസ്ഥിതിയിലാക്കുന്നതിനും പൊതുആവശ്യത്തിനായി നിലം നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും കാലങ്ങളായി

പുരയിടമായി തുടരുന്നതും ആധാരത്തിൽ നെൽവയൽ/തണ്ണീർത്തടമായി രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി പിഴ ഈടാക്കിക്കൊണ്ട് ക്രമവത്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി ബിൽ കൊണ്ടുവന്ന റവന്യൂ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. ഭൂമി തരംമാറ്റത്തിനുവേണ്ടിയുള്ള ലക്ഷക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യത്തിൽ സർവ്വേയർമാരെ കൂടുതലായി നിയമിച്ച് പ്രശ്നത്തിന് പരിഹാരം കാണണം. ആർ.ഡി.ഒ.-മാരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി ഡെപ്യൂട്ടി കളക്ടർമാരെ ചുമതലപ്പെടുത്തുന്ന വ്യവസ്ഥ ഭേദഗതിയായി കാൊണ്ടുവന്നിരിക്കുകയാണ്. ഇൗ ബിൽ നിയമമാകുന്നതോടെ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ നിശ്ചിത സമയത്തിനകം തീർപ്പുകൽപ്പിക്കാൻ കഴിയുന്നതാണ്. റിയൽ എസ്റ്റേറ്റ് മേഖല പടർന്നു പന്തലിച്ചതോടെ ഭൂമിവില കുതിച്ചുയരുകയും നെൽവയലുകളും തണ്ണീർത്തടങ്ങളുമെല്ലാം വ്യാപകമായി നികത്തപ്പെടുകയും ചെയ്യുന്ന അവസ്ഥ സംജാതമായിരിക്കുകയാണ്. സംസ്ഥാനത്തെ വരൾച്ചയും

പാരിസ്ഥിതിക സന്തുലിതാവസ്ഥയും കണക്കിലെടുത്ത് ഭൂവിസ്തൃതി കുറഞ്ഞ പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിനായി പട്ടണപ്രദേശങ്ങളിൽ 5 സെന്റും ഗ്രാമപ്രദേശങ്ങളിൽ 10 സെന്റും നിലംനികത്താൻ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് തരംമാറ്റത്തിനുള്ള അപേക്ഷകൾ വ്യാപകമായി ലഭിച്ചിരിക്കുന്നത്. 2008-ൽ ഈ നിയമം നടപ്പിലാക്കിയപ്പോഴുണ്ടായ പ്രായോഗികബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2008-ൽ പാസ്സാക്കിയ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നെൽവയൽ നികത്താൻവേണ്ടിയുള്ളതാണെന്ന രീതിയിലുള്ള പ്രചരണം അംഗീകരിക്കാൻ കഴിയില്ല. ഈ നിയമത്തിൽ നിരവധി പ്രായോഗിക പ്രശ്നങ്ങൾ കണ്ടെത്തിയതിനെ തുടർന്നാണ് നിയമം പ്രാബല്യത്തിലായ ഘട്ടത്തിൽ തന്നെ LLMC-യുടെ ശിപാർശപ്രകാരം പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പൽ/കോർപ്പറേഷൻ പരിധിയിൽ 5 സെന്റും ഭൂമി ഭൂരഹിതർക്ക് വീടുവയ്ക്കാനും പൊതുആവശ്യത്തിനും വേണ്ടി നികത്താൻ അനുമതി നൽകിയത്. തണ്ണീർത്തടങ്ങൾ നികത്തുന്നത് പാരിസ്ഥിതിക സന്തുലിതാവസ്ഥയെ ഗുരുതരമായി ബാധിക്കുമെന്നതിനാൽ

അംഗീകരിക്കാനാവില്ല. പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റാബാങ്കിലുണ്ടായ പ്രശ്നങ്ങൾ വളരെ ഗൗരവമുള്ളതായതിനാൽ അത് പരിഹരിക്കാനുള്ള നയസമീപനങ്ങൾ എടുക്കേണ്ടിവന്നു. 2021-ലെ കോടതിവിധിയെ തുടർന്ന് സർക്കാരെടുത്ത തീരുമാനത്തിന്റെ ഭാഗമായി 25 സെന്റ് വരെയുള്ള ഭൂമി തരംമാറ്റുന്നതിന് ഫീസിളവ് നൽകാമെന്ന് നിശ്ചയിച്ചതിന്റെ ഭാഗമായി ഓഫ്‌ലൈനായി ലഭിച്ച ലക്ഷക്കണക്കിന് അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കാനായിട്ടുണ്ട്. എന്നാൽ അഴിമതിയും തട്ടിപ്പും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചുതുടങ്ങിയത്. ഒരു മാസത്തിനുള്ളിൽ എല്ലാ പ്രദേശങ്ങളിലും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. കാർഷിക അഭിവൃദ്ധി ഫണ്ട് ചെലവഴിക്കുന്ന കാര്യത്തിൽ ജാഗ്രത അനിവാര്യമാണ്. സർവ്വേയർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. മണൽ ഖനനത്തിനുള്ള നടപടിക്രമത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചിട്ടില്ലെന്ന് മാത്രമല്ല 32 നദികളിൽ സാന്റ് ഓഡിറ്റ് പൂർത്തീകരിച്ചിട്ടുമുണ്ട്. മണൽവാരലുമായി ബന്ധപ്പെട്ട് പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ ഡി.എസ്.ആർ. (District Survey Report) തയ്യാറാക്കുകയും മൂന്ന് മാസത്തിനുള്ളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്ന ക്രമീകരണ പ്രകാരം മണൽ വാരൽ നടത്താൻ സാധിക്കുന്നതുമാണ്. കണ്ണൂർ,

കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ ഡി.എസ്.ആർ. തയ്യാറാക്കുന്ന ജോലി അന്തിമഘട്ടത്തിലും ഇടുക്കി, എറണാകുളം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ പ്രവർത്തനം നടന്നുവരികയുമാണ്. മണൽ ഖനനത്തിനുള്ള എല്ലാ സാധ്യതകളും പരിശോധിച്ച് ദേശീയ ട്രൈബ്യൂണലിന്റെ വിധിയനുസരിച്ചുള്ള നടപടികളിലേയ്ക്ക് പ്രവേശിക്കുന്നതാണ്. ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനായി വില്ലേജ് ഓഫീസുകളിൽ നിലവിലുള്ള ജീവനക്കാർക്ക് പുറമെ ഒരാളെക്കൂടി അധികമായി നിയമിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആർ.ഡി.ഒ.-ക്ക് പകരം സർക്കാർ നിർദ്ദേശിക്കുന്ന ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തുന്നതിനുള്ള ഭേദഗതിയാണ് ആക്ടിൽ കൊണ്ടുവന്നിരിക്കുന്നത്. ഒരു താലൂക്കിൽ തരംമാറ്റ നടപടിക്രമങ്ങൾക്കുമാത്രമായി ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തിയാൽ ആറ് മാസത്തിനുള്ളിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. സംസ്ഥാനത്ത് റെസ്റ്റോറേഷനുമായി ബന്ധപ്പെട്ട 974 കേസ്സുകൾ നടപടിക്കായി ജില്ലാ കളക്ടർമാർ സമർപ്പിച്ചിട്ടുണ്ട്. ടി ഭൂമിയിൽ അനധികൃതമായി നിക്ഷേപിച്ച മണ്ണ് നീക്കം ചെയ്യുന്നതിന് തുക അനുവദിക്കുന്ന കാര്യം ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്യു.

2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാംനമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(ii) 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ

പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): നാഷണൽ മെഡിക്കൽ കമ്മീഷൻ നിലവിൽ വന്നതോടുകൂടി സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനത്തിൽ സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിനും ഫീസ് നിയന്ത്രിക്കുന്നതിനുമായി 2017-ൽ കൊണ്ടുവന്ന നിയമമാണിത്. എന്നാൽ 2019-ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം പ്രവേശനസമിതിയിലെയും ഫീസ് നിയന്ത്രണ സമിതിയിലെയും അംഗങ്ങളെ നിശ്ചയിക്കുന്നതിന് ഗസറ്റ് വിജ്ഞാപനം വഴി നോട്ടിഫൈ ചെയ്യേണ്ടതുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രതിനിധി എന്നതിനുപകരം മെഡിക്കൽ കമ്മീഷൻ നിലവിൽ വന്ന സാഹചര്യത്തിൽ ഈ രണ്ട് സമിതികളിലും സർക്കാർ ശിപാർശ ചെയ്യുന്ന അംഗങ്ങൾ വരണമെന്നുള്ളതാണ് ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. എം. സച്ചിൻദേവ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. യു. ജനീഷ് കുമാർ): 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മെഡിക്കൽ വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും അഭൂതപൂർവ്വമായ മുന്നേറ്റമാണ് ഇടതുപക്ഷ സർക്കാരിന് നേടാനായത്. മെഡിക്കൽ വിദ്യാഭ്യാസം മെച്ചപ്പെട്ടതാക്കുന്നതിനും സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മൂന്ന് മെഡിക്കൽ കോളേജുകൾ പുതുതായി ആരംഭിക്കാനായതും ആറ് നഴ്സിംഗ് കോളേജുകൾ തുടങ്ങാൻ അനുമതി ലഭിച്ചതും കോന്നി മെഡിക്കൽ കോളേജിന് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം നേടാനായതും പ്രശംസനീയമാണ്. ഇടുക്കി മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കി വിദ്യാർത്ഥി പ്രവേശനം സാധ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി.ജി. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും നൂറ് ഐ.സി.യു. കിടക്കകളുള്ള പുതിയ ബ്ലോക്കുൾപ്പെടെ കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ നടക്കുകയും ചെയ്യുന്നുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകളുടെ പ്രവർത്തനം പുരോഗമിക്കുന്നു. കൊല്ലം മെഡിക്കൽ കോളേജിൽ നഴ്സിംഗ് കോളേജ് അനുവദിക്കുകയും കാത്ത്ലാബിന്റെ പ്രവർത്തനം പുരോഗമിക്കുകയും ചെയ്യുന്നു. സാധാരണക്കാർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ ഭൗതികസൗകര്യങ്ങളൊരുക്കുന്ന വിധത്തിലുള്ള പ്രവർത്തനമാണ് ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം

(സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് നേരിയ മാർക്കിന്റെ വ്യത്യാസത്തിൽ മെഡിക്കൽ വിദ്യാഭ്യാസം ലഭിക്കാത്ത സാഹചര്യം ഒഴിവാക്കി അത്തരം വിദ്യാർത്ഥികൾക്കുകൂടി പഠനം ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ കേരളം മുന്നിലാണെങ്കിലും ജീവിതശൈലീ രോഗങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം മനസ്സിലാക്കി ആരോഗ്യ മേഖല കരുതലോടുകൂടി മുന്നോട്ടുപോകണം. അന്യസംസ്ഥാന തൊഴിലാളികൾ വൃത്തിഹീനമായ സാഹചര്യങ്ങളിൽ കൂട്ടമായി താമസിക്കുന്നത് നിയന്ത്രിക്കണം. കോവിഡ് സെക്കന്റ് ഡോസ് വാക്സിന്റെ ക്ഷാമം പരിഹരിക്കാനും രോഗികളെ ശുശ്രൂഷിക്കുന്നവർക്കുള്ള ധനസഹായം ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം. മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് അടിയന്തര ചികിത്സ ശിപാർശ ചെയ്താൽ സർക്കാരിന്റെ അനുമതിയുണ്ടെങ്കിൽ മാത്രമേ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കാൻ കഴിയൂവെന്ന രീതി അപലപനീയമാണ്. ആരോഗ്യ മേഖലയിൽ മലപ്പുറം ജില്ലയ്ക്ക് മതിയായ

വിഹിതം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. തിരൂർ ജില്ലാ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി പ്രഖ്യാപിച്ചെങ്കിലും പ്രസ്തുത നിലവാരത്തിലേയ്ക്ക് ആശുപത്രിയെ ഉയർത്തുന്നതിനാവശ്യമായ സഹായം ഉണ്ടാകണം. വളവന്നൂർ, വെട്ടം സി.എച്ച്.സി.-കളിൽ കിടത്തി ചികിത്സ പുനരാരംഭിക്കാനും പാവപ്പെട്ടവർക്ക് മെഡിക്കൽ മേഖലയിൽ ലഭ്യമായിരുന്ന ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാനും നടപടി സ്വീകരിക്കണം

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ എന്നത് നാഷണൽ മെഡിക്കൽ കമ്മീഷൻ എന്ന് ഭേദഗതി വരുത്താനാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. മെഡിക്കൽ വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായി കോന്നി, ഇടുക്കി മെഡിക്കൽ കോളേജുകൾക്ക് എം.ബി.ബി.എസ്.-ന് 100 സീറ്റുകൾ വീതം അനുവദിച്ചു. മലപ്പുറം മഞ്ചേരി മെഡിക്കൽ കോളേജിൽ പി. ജി. കോഴ്സ് കൂടി അനുവദിച്ചു. പുതുതായി സർക്കാർ മേഖലയിൽ ആറ് മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 100 സീറ്റുകൾ ഉൾപ്പെടെ ആകെ 400 സീറ്റുകൾ അധികമായി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. SIEMAT-ന്റെ കീഴിൽ ആറ് കോളേജുകൾകൂടി ആരംഭിക്കാൻ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

പരമാവധി വിദ്യാഭ്യാസ അവസരങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് സ്വകാര്യ മേഖലയിൽ കൂടുതൽ നഴ്സിംഗ് കോളേജുകളും പാരാ മെഡിക്കൽ കോഴ്സുകളും മാനദണ്ഡപ്രകാരം അനുവദിക്കുന്നത്. ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ 30 വയസ് കഴിഞ്ഞ ആളുകൾ വാർഷിക ആരോഗ്യ പരിശോധനയ്ക്ക് വിധേയമാകണം എന്ന നിബന്ധന വയ്ക്കുകയും 1.46 ലക്ഷം ആളുകളുടെ ഹോം സ്ക്രീനിംഗ് നടത്താൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. 14 ജില്ലകളിലും ജില്ലാ കാൻസർ കെയർ പ്രോഗ്രാമുകൾ ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചിൻ, മലബാർ കാൻസർ സെന്ററുകളിൽ കാൻസർ ഡാറ്റാ രജിസ്ട്രിയും സൂക്ഷ്മ കാൻസർ കോശങ്ങളെ കണ്ടെത്തി ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യുന്നതിന് റോബോട്ടിക് കാൻസർ സർജറിയും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പരിമിതമായ സ്ഥലത്ത് ധാരാളം ആളുകൾ വസിക്കുന്നത് പ്രധാനപ്പെട്ട പൊതുജനാരോഗ്യ പ്രശ്നമായതിനാൽ അക്കാര്യം അഭിസംബോധന ചെയ്യാനാണ് നിയമസഭ പാസ്സാക്കിയ പൊതുജനാരോഗ്യ ബില്ലിൽ അതുസംബന്ധിച്ച വകുപ്പ് ഉൾപ്പെടുത്തിയത്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് കോവിഡ് വാക്സിൻ ആവശ്യപ്പെട്ടെങ്കിലും വാക്സിൻ ലഭ്യമല്ലെന്ന മറുപടിയാണ് ലഭിച്ചത്.

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പരമാവധി ആശുപത്രികളെ എംപാനൽ ചെയ്യുന്നതുസംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നവജാതശിശു മരണനിരക്ക് കുറയ്ക്കുന്നതിന് ഫലപ്രദമായ ഇടപെടൽ നടത്തുകയും 'ഹൃദ്യം' പദ്ധതി കൂടുതൽ ആശുപത്രികളിൽ വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(iii) <u>2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ</u>

<u>പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ</u>

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ അവതരിപ്പിക്കുന്നു.

<u>മി. ചെയർമാൻ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): അഞ്ച് ക്ഷേമനിധി ബോർഡുകളിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ളൊരു ബില്ലാണിത്.

ശ്രീ. എം. എസ്. അരുൺകുമാർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീമതി യു. പ്രതിഭ): 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പി.എസ്.സി.-യെ ആധുനികവൽക്കരിക്കാനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ആവശ്യത്തിന് തസ്തികകൾ അനുവദിക്കാനും സർക്കാർ മാതൃകാപരമായ പ്രവർത്തനമാണ് നടത്തുന്നതെന്ന് ഈ ബില്ലിലൂടെ തെളിയിച്ചിരിക്കുകയാണ്. പട്ടികവർഗ്ഗക്കാരായ 500 യുവതീ-യുവാക്കൾക്ക് കാട് സംരക്ഷിക്കാൻ പി.എസ്.സി. വഴി നിയമനം നൽകിയ നടപടി സ്വാഗതാർഹമാണ്. നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ കേരളത്തിലെവിടെയും ജോലി ചെയ്യാൻ സന്നദ്ധരാകണമെന്ന കാര്യത്തിൽ പി.എസ്.സി. കർശന നിലപാട് സ്വീകരിക്കണം. സർവ്വകലാശാലകളിൽ പുതിയ കോഴ്സുകൾ വരുമ്പോൾ നോട്ടിഫിക്കേഷനിൽ പ്രസ്തുത ക്വാളിഫിക്കേഷനുകളും ഉൾപ്പെടുത്തണമെന്ന് പി.എസ്.സി.-യോട് ആവശ്യപ്പെടണം. സമൂഹത്തിൽ ഭൂരിഭാഗം ആളുകളും ഒരു ഗവൺമെന്റ് ജോലി ആഗ്രഹിക്കുന്നവരാണ്.

അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ഇടപെടൽ പി.എസ്.സി.-യുടെ ഭാഗത്തുനിന്നുമുണ്ടാകണം. എല്ലാ വകുപ്പുകളിലും ട്രാൻസ്ജെൻഡേഴ്സായിട്ടുള്ളവർക്ക് പ്രത്യേകം പരിഗണന നൽകണം. ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വകുപ്പുകൾക്കും കൃത്യമായ നിർദ്ദേശം നൽകണം.

ശ്രീ. സജീവ് ജോസഫ്: 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സർക്കാർ ഒഴിവുകൾ വേഗത്തിൽ റിപ്പോർട്ട് ചെയ്യാത്തതിനാലും പി.എസ്.സി. സമയബന്ധിതമായി നിയമനങ്ങൾ നടത്താത്തതിനാലും 24 സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടെങ്കിലും യഥാസമയം നിയമനം നടത്താൻ സാധിക്കുന്നില്ല. വകുപ്പുകളിൽനിന്നും പി.എസ്.സി.-ക്ക് വേക്കൻസികൾ റിപ്പോർട്ട് ചെയ്യുന്നതിൽ കൃത്യമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്താനും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാനും തയ്യാറാകണം. എല്ലാ സർക്കാർ വകുപ്പുകളിലെയും പൊതുമേഖല സ്ഥാപനങ്ങളിലെയും നിയമനങ്ങൾ

പി.എസ്.സി. വഴിയാക്കുന്നതിനും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട എല്ലാ സ്ഥാപനങ്ങളിലും സ്പെഷ്യൽ റൂൾ സമയബന്ധിതമായി തയ്യാറാക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണം. അടിയന്തര സാഹചര്യങ്ങളിൽ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പരിമിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഇതുപോലൊരു നിയമം പാസ്സാക്കുന്ന രാജ്യത്തെ ഏക നിയമസഭ കേരള നിയമസഭയായിരിക്കും. മറ്റ് സംസ്ഥാനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനെക്കുറിച്ച് ആലോചിക്കുന്നില്ലായെന്നുമാത്രമല്ല നിലവിലുള്ള ഒഴിവുകൾ എങ്ങനെ നികത്താതിരിക്കാം എന്നതിലാണ് ഗവേഷണം നടത്തുന്നത്. സംസ്ഥാനത്ത് ഒരുവർഷം ശരാശരി 30,000 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. വഴി നിയമനം നൽകുന്നുണ്ട്. പി.എസ്.സി. ഒരു ഭരണഘടനാസ്ഥാപനമാണ്; തൊഴിൽ കൊടുക്കുന്ന സ്ഥാപനമല്ല. ഓരോ വകുപ്പും ആവശ്യപ്പെടുന്നതനുസരിച്ച് മെറിറ്റോറിയസ്സായിട്ടുള്ള സെലക്ഷൻ നടത്തുന്ന സംവിധാനമാണ് പി.എസ്.സി.-ക്കുള്ളത്. പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനും

ഓൺലൈൻ സംവിധാനങ്ങളാണ് പ്രയോജനപ്പെടുത്തുന്നത്. പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ശക്തിപ്പെടുത്താനുള്ള ശ്രമം നടത്തുന്നതോടൊപ്പം സർക്കാർ മേഖലയിൽ ജോലി സാദ്ധ്യത കുറഞ്ഞുവരുന്നതിനാൽ പി.എസ്.സി.യോടൊപ്പം വ്യവസായം, ടൂറിസം, ഐ.ടി. എന്നീ മേഖലകൾ ശക്തിപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(IV) 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

**ക്രമപ്രശ്നം**

ബിൽ സർക്കുലേറ്റ് ചെയ്യുന്നതിലെ കാലതാമസം

ഡോ. മാത്യു കുഴൽനാടൻ: ബില്ലിന്റെ ഡ്രാഫ്റ്റ് ഇന്നാണ് ലഭിച്ചത്. അതുകൊണ്ട് ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ചുള്ള ചർച്ചയ്ക്ക് തയ്യാറെടുത്തല്ല വന്നത്. ഈ ബിൽ സ്റ്റോപ്പ് ചെയ്യാനായി പറയുന്നതല്ല. കാഷ്വലായും ലാഘവത്തോടും കൂടി ബിൽ അവതരിപ്പിക്കുന്നത് നല്ലതല്ല.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 16-08-2023-ന് അവതരിപ്പിക്കാൻ നിശ്ചയിച്ചിരുന്ന എല്ലാ ബില്ലുകളും നേരത്തെ അവതരിപ്പിക്കണമെന്ന പൊതുനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് ധൃതിപിടിച്ച് അവതരിപ്പിക്കുന്നത്. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാനുള്ള പ്രമേയമാണ് ഇന്നിവിടെ പരിഗണിക്കുന്നത്. അതിനുശേഷം എല്ലാ അംഗങ്ങൾക്കും വകുപ്പ് തിരിച്ച് ചർച്ച ചെയ്യാനുള്ള

അവസരമുണ്ട്. ഇത്ര ഗൗരവമേറിയ ഒരു ബില്ലാണിതെന്ന് അറിയാമായിരുന്നിട്ടും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുൾപ്പെടെ അംഗീകരിച്ച് ഈ സഭയിൽ അവതരിപ്പിച്ചശേഷം തടസ്സവാദം ഉന്നയിക്കുന്നത് ശരിയല്ലാത്തതിനാൽ തടസ്സവാദം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മേലിൽ ഇത്തരമൊരു പ്രശ്നമുണ്ടാകില്ല. അതുകൊണ്ട് ഈ തടസ്സവാദം നിലനിൽക്കാത്തവിധം ബിൽ അവതരണത്തിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: ബിൽ അവതരണത്തെ തടസ്സപ്പെടുത്തിയതല്ല. ഈ ബില്ലിന്റെ ഗൗരവവും സ്പിരിറ്റും ഉൾക്കൊള്ളുന്നു.

**റൂളിംഗ്**

മി. സ്പീക്കർ: ഇന്ന് സഭ പരിഗണിക്കുന്ന 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബില്ലിന്റെ പകർപ്പും മലയാള പരിഭാഷയും ഇന്ന് രാവിലെ മാത്രമാണ് അംഗങ്ങൾക്ക് ലഭ്യമായതെന്നും ഇതുമൂലം ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് പഠിക്കുവാൻ അംഗങ്ങൾക്ക് വേണ്ടത്ര സമയം ലഭിച്ചില്ല എന്നുമാണ് ഡോ. മാത്യു കുഴൽനാടൻ തന്റെ തടസ്സവാദത്തിലൂടെ ഉന്നയിച്ചത്.

ബില്ലിന്റെ കോപ്പികൾ അംഗങ്ങൾക്ക് വിതരണം നടത്തുവാൻ കാലതാമസം സംഭവിച്ചതിന്റെ കാരണങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ഇന്നലെ ചേർന്ന കാര്യോപദേശക സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഒൻപതാം സമ്മേളന നടപടികളിൽ ചില ക്രമീകരണങ്ങൾ ഏർപ്പെടുത്താനുണ്ടായ സാഹചര്യം നമുക്കൊക്കെ അറിയാവുന്നതാണ്. ഇവിടെ പരാമർശ വിധേയമായ ബിൽ യഥാർത്ഥത്തിൽ ആഗസ്റ്റ് 16-ാം തീയതിയാണ് സഭ പരിഗണിക്കാൻ നിശ്ചയിച്ചിരുന്നത്. പുതിയ ക്രമീകരണത്തിന്റെ അടിസ്ഥാനത്തിലാണ് ബിൽ ഇന്നുതന്നെ സഭ മുമ്പാകെ വരുന്നത്. സ്വാഭാവികമായും ബിൽ തയ്യാറാക്കൽ സംബന്ധിച്ച നടപടിക്രമങ്ങൾ പാലിച്ച് കോപ്പികൾ ലഭ്യമാക്കാൻ സർക്കാർ തലത്തിൽ കുറച്ചു കാലതാമസം ഉണ്ടായി എന്നത് ഒരു വസ്തുതയാണ്.

എന്നാൽ, ഇക്കാര്യത്തിൽ ബോധപൂർവ്വമായ ഒരു കാലതാമസം ഉണ്ടായിട്ടില്ല എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 69 (5) -ലെ വ്യവസ്ഥയുടെ ലംഘനം ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും ചട്ടം 76-(2)ന്റെ

ക്ലിപ്തനിബന്ധയിൽ പരാമർശിച്ചിട്ടുള്ള വിവേചനാധികാരം വിനിയോഗിച്ചുകൊണ്ട് ബില്ലിന് അവതരണാനുമതി നൽകുകയാണ്. തടസ്സവാദം ചെയറിന്റെ വിവേചനാധികാരം ഉപയോഗിച്ച് ഓവർ റൂൾ ചെയ്യുന്നു.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 1960-ലെ ഭൂ പതിവ് നിയമത്തിൽ നാല് ഭേദഗതികളാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതുപ്രകാരം ഡോ. മാത്യു കുഴൽനാടൻ: 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-09-2023

വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പട്ടയഭൂമി കൈവശം വച്ചിരിക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ബില്ലിനെ സ്വാഗതം ചെയ്യുന്നു. കേരളത്തിലെ ഭൂവിനിയോഗവുമായി ബന്ധപ്പെട്ട് പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും കാലാനുസൃതമായ നിയമങ്ങൾ കൊണ്ടുവരികയും തോട്ടംഭൂമി സംബന്ധിച്ച് വ്യക്തത വരുത്തുകയും എൽ.എ. പട്ടയഭൂമി ക്രമവൽക്കരിക്കുന്നതിലെ നടപടിക്രമങ്ങൾ വ്യക്തമാക്കുകയും ചെയ്യണം.

(ഡോ. മാത്യു കുഴൽനാടൻ പ്രസംഗമധ്യേ ബില്ലിൽനിന്നും വ്യതിചലിച്ച് സംസാരിച്ചതിനെത്തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 287 ഉദ്ധരിച്ചുകൊണ്ട് അടുത്ത അംഗത്തെ പ്രസംഗിക്കാൻ ക്ഷണിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. വാഴൂർ സോമൻ</u>: 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭൂമിയുടെ അവകാശവും സ്വതന്ത്രമായ

വിനിയോഗവും സാധ്യമാകുന്ന തരത്തിൽ നിയമം ഭേദഗതി ചെയ്യാനുള്ള സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യാൻ തേയിലയും ഏലവും കൃഷിചെയ്യുന്നതിനൊപ്പം ഇടവിളകൃഷിക്ക് അനുമതി നൽകിയത് സ്വാഗതാർഹമാണ്. ചെറുനിർമ്മാണങ്ങളും കാർഷികാവശ്യത്തിനായി അനുവദിക്കപ്പെട്ട ഭൂമിയുടെ ഉപയോഗവും ക്രമീകരിക്കുന്നതുവഴി മലയോര ജനതയുടെ ന്യായമായ ആവശ്യമാണ് സർക്കാർ നിറവേറ്റുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 1960-ലെ ഭൂപതിവ് നിയമത്തിന്റെ പ്രത്യേക മാറ്റത്തിന് വഴിതെളിക്കാൻ ഉതകുന്ന സുപ്രധാനമായ ഭേദഗതി ബില്ലാണ് അവതരിപ്പിക്കപ്പെട്ടത്. 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ ആക്ട് പ്രകാരം പതിച്ചുനൽകപ്പെട്ട ഭൂമി പതിച്ചുനൽകിയ ആവശ്യങ്ങൾക്കുമാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അപ്രകാരമല്ലാതെയും ഉപയോഗിച്ചിരുന്നതായും പട്ടയ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭേദഗതി പ്രാബല്യത്തിൽ വരുമ്പോൾ നിലവിലുള്ള ലംഘനങ്ങൾ ചട്ടങ്ങളിൽ നിർണയിക്കുന്നവിധത്തിൽ ക്രമവത്കരിക്കാൻ സർക്കാരിന് അധികാരമുണ്ടാകും.

ഭൂപതിവ് ചട്ടപ്രകാരം പതിച്ചുനൽകിയ ഭൂമിക്ക് എപ്പോഴും കർശനമായ വ്യവസ്ഥകൾ തുടരുന്നത് ആശാസ്യമല്ലെങ്കിലും ഉപയോഗയോഗ്യമായ ഭൂമിയുടെ അളവ് കുറഞ്ഞുവരുന്നതിനാൽ ചില നിയന്ത്രണങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. കോടതിയെ സമീപിച്ച ഒരു വിഭാഗത്തിന് പ്രത്യേക കേസായി അനുവാദം കൊടുക്കുകയും മറ്റൊരു വിഭാഗത്തിന് ആനുകൂല്യങ്ങൾ ലഭ്യമാകാതെയും വന്ന ഘട്ടത്തിലാണ് നിയമനിർമ്മാണം നടത്താൻ തീരുമാനിച്ചത്. കൈവശക്കാരുടെയും കർഷകരുടെയും ദീർഘകാല പ്രശ്നങ്ങൾ പരിഹരിക്കുമ്പോൾ കേരളത്തിന്റെ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിക്കപ്പെടുന്നതോടൊപ്പം ആധുനിക മനുഷ്യന്റെ ആവശ്യങ്ങളും പ്രശ്നങ്ങളും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നതിനുള്ള ശാശ്വത പരിഹാരമാണ് നിയമഭേദഗതിയിലൂടെ സർക്കാർ ആഗ്രഹിക്കുന്നത്.

പതിച്ചുകൊടുത്ത ഭൂമിയിൽ സർക്കാർ നിഷ്കർഷിക്കുംപ്രകാരമുള്ള വ്യവസ്ഥാലംഘനങ്ങൾ ക്രമീകരിച്ചുനൽകാൻ ഭേദഗതിയിലൂടെ സാധിക്കും. വ്യവസ്ഥാലംഘനങ്ങൾ നടന്നിട്ടില്ലെങ്കിൽ നിയമം അംഗീകരിക്കപ്പെടുന്ന തീയതിവരെ പതിച്ചുകൊടുത്ത ഭൂമി മറ്റെന്തെങ്കിലും ആവശ്യത്തിന് വിനിയോഗിക്കാൻ അനുവാദം നൽകാവുന്ന വ്യവസ്ഥയാണ്

ഉൾപ്പെടുത്തിയിരിക്കുന്നത്. ജനങ്ങളുടെ അഭിലാഷങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും കണക്കിലെടുത്ത് ആധുനിക കാലത്തിന്റെ അവസ്ഥകൾക്കനുസരിച്ച് സാമൂഹ്യവൈരുദ്ധ്യങ്ങൾ ഒഴിവാക്കാൻവേണ്ടിയുള്ള നിയമനിർമ്മാണമാണ് നടത്തുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

### (v) 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും

സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. പ്രേംകുമാർ: 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-12-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 01-04-1999-ന് ശേഷം നിർമ്മിച്ചതും 278.7 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ളതുമായ എല്ലാ കെട്ടിടങ്ങൾക്കും വാർഷികമായി അധിക നികുതി അടയ്ക്കണമെന്നുള്ള ഭേദഗതിയും റവന്യൂ, തദ്ദേശസ്വയംഭരണം വകുപ്പുകൾ പ്രത്യേകമായി കെട്ടിടങ്ങൾ അളക്കുന്നതിന്റെ ഭാഗമായുള്ള സാങ്കേതികത്വം ഒഴിവാക്കി തദ്ദേശസ്വയംഭരണ വകുപ്പ് എടുക്കുന്ന അളവ് അംഗീകരിച്ച് റവന്യൂ വകുപ്പ് അധിക നികുതി നിശ്ചയിക്കുന്ന ഭേദഗതിയുമാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത്. സംസ്ഥാന വരുമാനത്തിൽ വർദ്ധനവുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ അവതരിപ്പിച്ച ബില്ലിനെ സ്വാഗതം ചെയ്യുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 'ആഡംബര നികുതി' എന്ന് രേഖപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം 'അധിക നികുതി'

എന്നാക്കുന്നതിനും കെട്ടിടത്തിന്റെ ഉടമസ്ഥത പരിശോധിച്ച് ടാക്സ് ഏർപ്പെടുത്തുന്നതിനും ഒന്നിലധികം ഫ്ലാറ്റോ അപ്പാർട്ടുമെന്റോ ഒരു വ്യക്തി വാങ്ങുന്ന സാഹചര്യത്തിൽ അവ പരസ്പരം ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെ സിംഗിൾ യൂണിറ്റായി കണക്കാക്കി ബിൽഡിംഗ് ടാക്സും അഡീഷണൽ ടാക്സും ഈടാക്കുന്നതിനും 01-04-1999-ന് ശേഷം നിർമ്മിച്ചതും 278.7 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ളതുമായ എല്ലാ കെട്ടിടങ്ങൾക്കും വാർഷികമായി അധിക നികുതി ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് എടുക്കുന്ന അളവ് അംഗീകരിച്ചുകൊണ്ട് റവന്യൂ വകുപ്പ് അധിക നികുതി നിശ്ചയിക്കുന്നതിനും അസസ്സിംഗ് അതോറിറ്റിയുടെ ഉത്തരവ് പാസ്സാക്കി ഒരു വർഷം കഴിഞ്ഞാൽ ജില്ലാ കളക്ടർക്ക് സ്വമേധയാ റിവിഷൻ നടത്താൻ പാടില്ലെന്നും അസസ്സിംഗ് അതോറിറ്റിയുടെ മുമ്പിൽ തെറ്റായ വിവരങ്ങൾ നൽകുന്ന വ്യക്തിയിൽനിന്നും ബിൽഡിംഗ് ടാക്സിന്റെ അമ്പത് ശതമാനം തുക പിഴയായി ഈടാക്കേണ്ടതാണെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി ടാക്സ് പിരിവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വേഗതയും സുതാര്യതയും കൈവരിക്കുന്നതിനുള്ള ഭേദഗതികളാണ് ബില്ലിൽ കൊണ്ടുവന്നിട്ടുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(vi) 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2013-ൽ പരിഷ്കരിച്ചിരുന്ന ചില ഫീസുകൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതിയാണ് കൊണ്ടുവരുന്നത്.

ശ്രീ. സി. സി. മുകുന്ദൻ ചുമതലപ്പെടുത്തിയതനുസരിച്ചു പ്രകാരം ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-09-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഫീസിൽ കാലാനുസൃതമായ മാറ്റമാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക വിഭവസമാഹരണത്തിൽ പുതിയ മേഖലകൾ കണ്ടെത്തി പ്രയോജനപ്പെടുത്താനാണ് ഈ ഭേദഗതിയിലൂടെ ശ്രമിക്കുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: അയ്യായിരത്തോളം പാർട്ട്ണർഷിപ്പ് സ്ഥാപനങ്ങളാണ് ഒരു വർഷം രജിസ്റ്റർ ചെയ്യപ്പെടുന്നത്. അവയെ ശക്തിപ്പെടുത്തേണ്ടതുണ്ട്. 50 രൂപ മുതൽ 500 രൂപ വരെയുള്ള നിലവിലെ ഫീസ് നിരക്ക് ചെറിയ തോതിൽ വർദ്ധിപ്പിക്കുന്നതിനാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ വൈകുന്നരം 4.37-ന് പിരിഞ്ഞു.

******